

ചീറ്റിപ്പോയ അഭിമുഖം

# പിണറായിയെ കുളിപ്പിച്ച് കുളിപ്പിച്ച് മോഹൻലാൽ

കെ. സന്തോഷ്കുമാർ

ചിരിക്കാത്ത മുഖമുള്ള കാർക്കശ്യക്കാരൻ, എന്ന പേരുദോഷം മാറ്റാൻ അഭിമുഖത്തിലുടനീളം പിണറായി ചിരിച്ചു രസിച്ച് വാചാലനായി. പക്ഷേ ആ മുഖത്ത് സൗമ്യത ഉണ്ടായില്ല. മാനവികതയുടെ പരിവേഷവുമില്ല. ഇല്ലാത്ത ഒരു മുഖം എങ്ങനെ സൃഷ്ടിച്ചെടുക്കാനാണ്? പിണറായി കുളിച്ചാൽ മോഹൻലാലാകുമോ?

മുഖ്യമന്ത്രി പിണറായി വിജയനും സിനിമാ നടൻ മോഹൻലാലും യാതൊരു സമാനതകളുമില്ലാത്ത രണ്ട് വ്യക്തിപ്രഭാവങ്ങൾ. പത്ത് വർഷം കേരളം ഭരിച്ച് ജനരോഷം ഏറ്റുവാങ്ങിയ ഭരണാധികാരിയും അഭിനയ മികവിന്റെ പതിറ്റാണ്ടുകൾ പിന്നിട്ട കേരളത്തിന്റെ പ്രിയ കലാകാരനും. രാഷ്ട്രീയത്തിലെ മോഹൻലാലല്ല പിണറായി വിജയൻ. അതുപോലെ സിനിമയിലെ പിണറായി വിജയനല്ല മോഹൻലാൽ. ഈ സമാന്തര വ്യക്തിത്വങ്ങളെ സമന്വയിപ്പിച്ചത് പിണറായി വിജയന് ഇല്ലാത്ത ഒരു മുഖം കൽപ്പിച്ചു കൊടുക്കാനാണ്. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന് പറഞ്ഞാൽ മതിയല്ലോ. മിണ്ടിയും പറഞ്ഞും ഇരുവർ എന്ന അഭിമുഖം ഫലത്തിൽ ഒരു പാഴ് വേലയാകുന്ന കാഴ്ചയാണ് കണ്ടത്. എങ്ങനെയൊക്കെ കുളിപ്പിച്ചെടുത്താലും കാക്ക കാക്കയും കൊക്ക് കൊക്കും തന്നെയാണ്. കാക്കയ്ക്ക് ഒരിക്കലും കൊക്കാകാനാകില്ല.

'ചിരിക്കാത്ത മുഖമുള്ള കാർക്കശ്യക്കാരൻ' എന്ന പേരുദോഷം മാറ്റാൻ അഭിമുഖത്തിലുടനീളം പിണറായി ചിരിച്ച് രസിച്ച്

വാചാലനായി. 'കടക്ക് പുറത്ത്' എന്ന് പറയുന്ന, മൈക്ക് സെറ്റു കാരനോട് ചൂടാവുന്ന, ചൂരൽ മീൻ തട്ടിക്കളയുന്ന, സെൽഫിക്കാരെ പോലും തള്ളിമാറ്റുന്ന പിണറായി വിജയനല്ല യഥാർത്ഥ പിണറായി എന്ന് വരുത്തിത്തീർക്കാനായിരുന്നു ശ്രമം. സാധാരണ ഗതിയിൽ വ്യക്തി പരമായ ചോദ്യങ്ങളോട് അസഹിഷ്ണുത കാട്ടുന്ന പിണറായി മോഹൻ ലാലിന്റെ ചോദ്യങ്ങൾക്ക് പക്വമായ മറുപടി നൽകി. ജീവിതത്തിൽ താൻ പിന്നിട്ട വഴികൾ വല്ലാത്ത ഗദ്ഗദത്തോടെ അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നപ്പോൾ മോഹൻലാൽ അന്തംവിട്ടിരുന്നു. പിണറായിയുടെ ഭാവാഭിനയത്തിന് മുന്നിൽ തന്റെ അഭിനയമൊക്കെ എത്രയോ നിസ്സാരമെന്ന് ലാലിന് തോന്നിയിട്ടുണ്ടാകും.

കുടുംബത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും കൂട്ടുകാരെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് ഉള്ളിൽ തട്ടുന്ന രീതിയിൽ മറുപടി പറയുമ്പോൾ വേണ്ടപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഈ ആഭിമുഖ്യമാണ് പിണറായിക്ക് എതിരായ പല ആരോപണങ്ങൾക്കുമുള്ള അടിസ്ഥാനം.

ഒരു പാട്ട് പാടാൻ ചിരിച്ചു കൊണ്ട് ആവശ്യപ്പെടുന്ന മോഹൻ ലാലിനോട് അതേ ചിരിയോടെ 'സമയമുണ്ടല്ലോ നമുക്ക് പാടാം'എന്ന് പിണറായി പറയുന്നത് സാധാരണ ഗതിയിൽ അദ്ദേഹത്തിൽ നിന്നും

**ചിരിക്കാത്ത മുഖമുള്ള കാർക്കശ്യക്കാരൻ, എന്ന പേരുദോഷം മാറ്റാൻ അഭിമുഖത്തിലുടനീളം പിണറായി ചിരിച്ചു രസിച്ച് വാചാലനായി. പക്ഷേ ആ മുഖത്ത് സൗമ്യത ഉണ്ടായില്ല. മാനവികതയുടെ പരിവേഷവുമില്ല. ഇല്ലാത്ത ഒരു മുഖം എങ്ങനെ സൃഷ്ടിച്ചെടുക്കാനാണ്? പിണറായി കുളിച്ചാൽ മോഹൻലാലാകുമോ?**

**അഭിമുഖം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് പിണറായിയുടെ പാട്ട് കേൾക്കാൻ മോഹൻലാൽ ചെവി കൂർപ്പിച്ചു. ഉപനിഷത്തിൽ നിന്നുള്ള നാല് വരികളാണ് അദ്ദേഹം ചൊല്ലിക്കേൾപ്പിച്ചത്. ഇവിടെ സനാതന ധർമ്മത്തോടുള്ള തന്റെ പ്രതിബദ്ധത അദ്ദേഹം വെളിപ്പെടുത്തുകയായിരുന്നു. അമ്മയ്ക്ക് രാമായണകഥ പറഞ്ഞു കൊടുത്തതും ഓർമ്മിപ്പിക്കുന്നു. തന്നിൽ ഒരു സന്യാസിയുണ്ടെന്ന് വരെ പറഞ്ഞു വച്ചു. താൻ ഒരു ഹൈന്ദവ പക്ഷക്കാരനാണെന്ന് ഭംഗ്യന്തരേണ അദ്ദേഹം വോട്ടർമാരെ ബോധ്യപ്പെടുത്തുകയായിരുന്നു. ഇതാണല്ലോ ഇടതുപക്ഷത്തിന്റെ അടവുനയം.**

ഉണ്ടാകുന്ന മറുപടിയല്ല. ഒടുവിൽ അഭിമുഖം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് മോഹൻലാൽ പാട്ടിന്റെ കാര്യം വീണ്ടും ഓർമ്മിപ്പിച്ചപ്പോൾ ഉപനിഷത്തിൽ നിന്നുള്ള നാല് വരികളാണ് അദ്ദേഹം ചൊല്ലിക്കേൾപ്പിക്കുന്നത്. ആ വരികളുടെ അർത്ഥവും അദ്ദേഹം മനസ്സിലാക്കിക്കൊടുക്കുന്നു. ഇവിടെ സനാതന ധർമ്മത്തോടുള്ള തന്റെ ആഭിമുഖ്യം അദ്ദേഹം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അഭിമുഖത്തിന്റെ തുടക്കത്തിൽ അമ്മ തച്ചോളി പാട്ടുകൾ പാടിത്തന്നതും പകരം താൻ രാമായണകഥ പറഞ്ഞു കൊടുത്തതുമെല്ലാം അദ്ദേഹം പരാമർശിച്ചു പോകുന്നുണ്ട്. തന്നിൽ ഒരു സന്യാസിയുണ്ടെന്നു വരെ പറഞ്ഞുവെച്ചു. ഇതൊന്നും യാദൃച്ഛികമായി നാവിൽ നിന്നും വീണുപോയതല്ല. വളരെ ആസൂത്രതമായി ബോധപൂർവ്വം തട്ടിവിട്ടതാണ്. താൻ ഒരു ഹൈന്ദവ പക്ഷക്കാരനാണെന്ന് വോട്ടർമാരെ അറിയിക്കാൻ. അതാണല്ലോ ഇപ്പോഴത്തെ തെരഞ്ഞെടുപ്പിലെ ഇടതപക്ഷത്തിന്റെ അടവുനയം. ഉപനിഷത്ത് അല്ലാതെ മാർക്സിയൻ തത്വങ്ങളൊന്നും അദ്ദേഹം പ്രയോഗിക്കുന്നില്ല. അഭിമുഖത്തിൽ നിന്ന് ഒരിടത്തും പത്ത് വർഷം പൂർത്തിയാക്കിയ തന്റെ സർക്കാരിന്റെ നേട്ടങ്ങൾ അദ്ദേഹം വിളമ്പുന്നില്ല.

തെരഞ്ഞെടുപ്പ് ലാക്കാക്കിയുള്ള കമ്മ്യൂണിസ്റ്റ് നേതാവിന്റെ ഹൃദയത്തിനകത്ത് കടന്ന് പിണറായി എന്ന പച്ചയായ മനുഷ്യനെ പുറത്തേക്ക് പിടിച്ചു കൊണ്ടുവരാനുള്ള ദൗത്യം മാത്രമാണ് മോഹൻലാലിനെ ഏൽപ്പിച്ചിരുന്നത്. അദ്ദേഹം അത് തന്റേതായ രീതിയിൽ ആ ദൗത്യം പൂർത്തിയാക്കുകയും ചെയ്തു. മുഖ്യമന്ത്രി തന്നെ ആമുഖമായി തുറന്നടിക്കുന്നുണ്ട്. 'ഞാനൊരു രാഷ്ട്രീയ സൈദ്ധാന്തികനോ ബുദ്ധിജീവിയോ ഒന്നുമല്ല, കേവലം ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകൻ മാത്രം.'

ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകന്റെ ചിത്രമാണ് ലക്ഷ്യമിട്ടത്. പക്ഷേ ചിത്രം വരച്ചു കഴിഞ്ഞപ്പോൾ സൗമ്യമായ മുഖമില്ല. മാനവികതയുടെ പരിവേഷമില്ല. ഇല്ലാത്ത ഒരു മുഖം എങ്ങനെ സൃഷ്ടിച്ചെടുക്കാനാകും? പിണറായിയുടെ സംഭാഷണത്തിൽ ഏറ്റവും വിചിത്രമായി തോന്നിയത് തന്റെ ജീവിതത്തിൽ സന്യാസത്തിന്റെ അംശങ്ങളുണ്ടായേക്കാം എന്ന പരാമർശമാണ്. വല്ലാത്തൊരു തള്ള് തന്നെയാണിത്. ടി.പി.ചന്ദ്രശേഖരന്റെ ശരീരത്തിലേക്ക് 54 വെട്ടുകൾ, ബിരിയാണി ചെമ്പിന്റെ കഥയും, ശബരിമലയിലെ സ്വർണ്ണ കവർച്ചക്കാർക്ക് രക്ഷാമാർഗ്ഗം ഒരുക്കിയതുമൊക്കെ ആലോചിക്കുമ്പോൾ ഈ സന്യാസിയെ കൈകൂപ്പി തൊഴുതുപോകും. ക്രൈസ്തവ പുരോഹിതന്മാരെ നികൃഷ്ട ജീവികളെന്നും സഹപ്രവർത്തകരെ കുലംകുത്തികളെന്നും വിളിക്കാൻ ഒരു സന്യാസിക്ക് കഴിയുമോ?

എന്തായാലും ഒരു തമാശ പടം അഭിനയിച്ചു തീർത്ത ലാഘവത്തോടെയായിരിക്കണം മോഹൻലാൽ ഈ അഭിമുഖത്തെ കണ്ടത്. പക്ഷേ ഈ ഷൂട്ടിംഗിന്റെ ഫീസായ 10 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് കിട്ടില്ല എന്ന കാര്യം ഉറപ്പാണ്.